പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:4832 04.07.2012-ൽ മറുപടിയ്ക്ക്

**അച്ചടിവകുപ്പിൽ സൂപ്പർ വൈസർ തസ്തിക നിയമനത്തിനുള്ള പി.എസ്.സി. വിജ്ഞാപനം**

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ | | മറുപടി<br>ശ്രീ.ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
|---|---|---|
| (എ) | 15-9-2010-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം പി.എസ്.സി. അപേക്ഷ ക്ഷണിച്ച അച്ചടിവകുപ്പിലെ സൂപ്പർ വൈസർ തസ്തിക (കാറ്റഗറി നമ്പർ 250/10) യുടെ തുടർനടപടി പി.എസ്.സി റദ്ദ്ചെയ്യുവാൻ തീരുമാ നിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) | പ്രസ്തുത ഉത്തരവനുസരിച്ച് എത്ര ഉദ്യോഗാർത്ഥികളാണ് അപേക്ഷ നൽകിയിരുന്നതെന്ന് പറയാമോ ; ഏത് കാരണത്താലാണ് പ്രസ്തുത വിജ്ഞാപനം റദ്ദ് ചെയ്ത് പുതുതായി അപേക്ഷ സ്വീകരിക്കുവാൻ തീരുമാനിച്ചതെന്നും അറിയിക്കുമോ ; | (ബി) 1299 പേർ അപേക്ഷ സമർപ്പിച്ചിരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്ത പ്രൊഫോർമ യിലുണ്ടായിരുന്ന അപാകത കാരണം വിജ്ഞാപനത്തിൽ പിശക് സംഭവിച്ചതി നാലാണ് ടി വിജ്ഞാപനം റദ്ദ് ചെയ്യുവാൻ തീരുമാനിച്ചത് |
| (സി) | മേൽപ്പറഞ്ഞ പി.എസ്.സി. അറിയിപ്പ് പ്രകാരം അപേക്ഷ നൽകിയിട്ടുള്ള നിരവധി ഉദ്യോഗാർത്ഥികൾക്ക് പ്രായ പരിധികഴിഞ്ഞുപോയതിനാൽ പുതു തായി അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട് |
| (ഡി) | എങ്കിൽ റദ്ദ് ചെയ്യപ്പെട്ട തസ്തിക വിജ്ഞാപന നടപടി വീണ്ടും ആരംഭി ക്കുവാൻ ആദ്യം അപേക്ഷ സമർപ്പിച്ചി രുന്നതും, പ്രായപരിധി കഴിഞ്ഞതുമായ ഉദ്യോഗാർത്ഥികളെക്കൂടി പരിഗണി ക്കുവാൻ സന്നദ്ധമാകുമോയെന്ന് വിശദ മാക്കുമോ ? | (ഡി) ഇക്കാര്യത്തിൽ തീരുമാനമൊന്നും കൈ കൊണ്ടിട്ടില്ല |

സെക്ഷൻ ഓഫീസർ